# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1245** **10.08.2017-ന് മറുപടിയ്ക്ക്**

## തൊട്ടുപുഴ മുട്ടം സൈസസ് പാർക്കിന് ഭൂമി

| **ചോദ്യം**<br>**ശ്രീ.പി.ജെ.ജോസഫ്** | **ഉത്തരം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തൊടുപുഴ മുട്ടം വില്ലേജിൽ സൈസസ് പാർക്കിന് ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ;<br><br>(ബി) ഈ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിലാക്കാൻ നടപടി കൈക്കൊള്ളുമോ;<br><br>(സി) ആയതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ഭൂമി ഏറ്റെടുക്കലിന് ഉണ്ടായിരിക്കുന്ന പ്രധാന തടസ്സം എന്തെന്ന് അറിയിക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br>21/06/2008-ലെ സ.ഉ(ആർ.റ്റി) നമ്പർ 615/2008/ഐ.ഡി പ്രകാരം 90.82 ഏക്കർ വസ്തു തൊടുപുഴ താലൂക്കിലെ മുട്ടം വില്ലേജിൽ മുട്ടം സൈസസ് പാർക്കിനുവേണ്ടി ഏറ്റെടുക്കുന്നതിനുവേണ്ടി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 22/07/2015-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയും ഭൂവില നിശ്ചയിക്കുന്നതിനായി എസ്.എൽ.ഇ.സിയുടെ ആദ്യ പ്രൊപ്പോസൽ 05/02/2016-ൽ ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ചില കാറ്റഗറികൾക്ക് അടിസ്ഥാന വിലയെക്കാൾ വളരെ ഉയർന്ന തുക ഡി.എൽ.പി.സിയിൽ വാഗ്ദാനം ചെയ്തതിനാൽ 20/06/2016-ലെ എസ്.എൽ.ഇ.സി പ്രൊപ്പോസൽ നിരാകരിക്കുകയാണുണ്ടായത്.<br><br>ഭേദഗതി വരുത്തിയ പ്രൊപ്പോസൽ 05/09/2016-ന് ജില്ലാ കളക്ടർ എസ്.എൽ.ഇ.സിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ജില്ലാതല പർച്ചേസ് സമിതി ശുപാർശ ചെയ്ത വില വളരെ കൂടുതലാണെന്ന് 14/02/17-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി നിരീക്ഷിക്കുകയും ആകയാൽ ജില്ലാ കളക്ടർ നേരിൽ സ്ഥലപരിശോധന നടത്തി പ്രൊപോസലിൽ സൂചിപ്പിച്ച വിലകൾ പുതിയ പൊന്നുവില നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ച് എസ്.എൽ.ഇ.സിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 22/06/2017-ൽ എൽ.എ (ഡെപ്യൂട്ടി കളക്ടർ), എൽ.എ.ഒ എന്നിവർ സ്ഥല പരിശോധന നടത്തുകയുണ്ടായി. ജില്ലാ കളക്ടർ ഡി.എൽ.പി.സി വിളിച്ചുകൂട്ടി ഭേദഗതി വന്നിട്ടുള്ള ഭൂമി വിലയിൽ സ്ഥലം ഉടമകളിൽ നിന്നും സമ്മതപത്രം വാങ്ങി പുതിയ പ്രൊഫോർമ റിപ്പോർട്ട് എസ്.എൽ.ഇ.സിക്ക് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ